നികുതിവെട്ടിച്ചത് 2327 വാഹനങ്ങൾ

തിരുവനന്തപുരം: 2327 വാഹനങ്ങൾ പുതുച്ചേരി രജിസ്ട്രേഷനിലൂടെ നികുതിവെട്ടിപ്പ് നടത്തിയതായി മന്ത്രി എ.കെ. ശശീന്ദ്രൻ അറിയിച്ചു. മാർച്ച് 3 വരെ 24 വാഹന ഉടമകൾ 2,01,32,625 രൂപ നികുതി ഇനത്തിൽ അടച്ചു.

വിദേശജോലി: ക്ലിയറൻസ് സർട്ടിഫിക്കറ്റിൽ മാറ്റം വരുത്തും

തിരുവനന്തപുരം: ഗൾഫ് രാജ്യങ്ങളിൽ ജോലി തേടുന്നവർക്കുള്ള പൊലീസ് ക്ലിയറൻസ് സർട്ടിഫിക്കറ്റിൽ, കോടതി തീർപ്പുകല്പിച്ചതും ശിക്ഷിക്കപ്പെടാത്തതുമായ കേസുകൾ പരാമർശിക്കുന്നത് ഒഴിവാക്കുമെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ നിയമസഭയെ അറിയിച്ചു. ഇതുമൂലം അർഹരായ നിരവധിപേർക്ക് തൊഴിലവസരം നഷ്ടമാകുന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. നിയമവശം പരിശോധിച്ച്, സർട്ടിഫിക്കറ്റിന്റെ മാതൃകയിൽ ഉചിതമായ മാറ്റം വരുത്താൻ സംസ്ഥാന പൊലീസ് മേധാവിയോട് നിർദ്ദേശിച്ചിട്ടുണ്ട്.

മുൻകാലങ്ങളിൽ നൽകിയിരുന്ന അതേ മാതൃകയിലാണ് സർട്ടിഫിക്കറ്റ് ഇപ്പോഴും നൽകുന്നത്. അപേക്ഷകർ ആവശ്യപ്പെടുന്ന നിശ്ചിത കാലയളവ് രേഖപ്പെടുത്തിയാണ് സർട്ടിഫിക്കറ്റ് നൽകുന്നത്.

നികുതിവെട്ടിച്ചുള്ള ബീഡിക്കടത്ത് തടയും

തിരുവനന്തപുരം: ജി.എസ്.ടി അടയ്ക്കാതെ, അന്യസംസ്ഥാനങ്ങളിൽ നിന്നുള്ള അനധികൃത ബീഡി കടത്ത് തടയാൻ നടപടിയെടുക്കുമെന്ന് മന്ത്രി ടി.പി.രാമകൃഷ്ണൻ നിയമസഭയെ അറിയിച്ചു. പശ്ചിമബംഗാളിൽ നിന്നാണ് നികുതിവെട്ടിച്ച് കൂടുതൽ ബീഡിയെത്തിച്ച് കേരളത്തിൽ കുറഞ്ഞ വിലയ്ക്ക് വിൽക്കുന്നത്.

കടത്തുതടയാൻ ചെക്ക്പോസ്റ്റുകളിൽ കർശന പരിശോധന നടത്തും. നേരത്തേയുണ്ടായിരുന്ന 14.5 ശതമാനം നികുതി ജി.എസ്.ടിയിൽ 28 ശതമാനമായിട്ടുണ്ട്. ഇതുകാരണം ദിനേശ് ബീഡിയ്ക്കടക്കം വില കൂട്ടേണ്ടി വന്നു. 11,000 ബീഡിതൊഴിലാളികളാണ് സംസ്ഥാനത്തുള്ളത്. ആഴ്ചയിൽ 4 ദിവസമേ ഇവർക്ക് തൊഴിൽ കിട്ടുന്നുള്ളൂ. ബീഡിവ്യവസായത്തെ സംരക്ഷിക്കാൻ ബദൽനയപദ്ധതികൾ നടപ്പാക്കും.

സാങ്കേതിക തടസങ്ങൾ നീക്കി ഇൻകം സപ്പോർട്ട് സ്കീമിന്റെ ആനുകൂല്യം ബീഡിവ്യവസായത്തിന് ലഭ്യമാക്കുന്നതും പരിഗണിക്കും.

പ്രൊഫഷണൽ കോളേജ് ബിൽ സബ്ജക്ട് കമ്മിറ്റിക്ക്

തിരുവനന്തപുരം: കരുണ, അഞ്ചരക്കണ്ടി മെഡിക്കൽ കോളേജുകളിലെ വിദ്യാർത്ഥികളുടെ പ്രവേശന പ്രതിസന്ധി പരിഹരിക്കുന്നതിനുള്ള കേരള പ്രൊഫഷണൽ കോളേജുകൾ ബിൽ നിയമസഭ സബ്ജക്റ്റ് കമ്മിറ്റിക്ക് വിട്ടു. 2016-17ൽ നീറ്റ് മെരിറ്റിൽ ഉൾപ്പെട്ടവരാണ് ഈ വിദ്യാർത്ഥികൾ. എന്നാൽ, രണ്ടു കോളേജുകളും പ്രവേശന മേൽനോട്ട സമിതിയുടെ നിർദ്ദേശങ്ങൾ പാലിക്കാനോ, പ്രവേശന രേഖകൾ സമർപ്പിക്കാനോ തയ്യാറായിരുന്നില്ല. വിദ്യാർത്ഥികൾക്ക് ഓൺലൈനായി അപേക്ഷിക്കാനുള്ള അവസരവും നിഷേധിച്ചതായി ബിൽ അവതരിപ്പിച്ച മന്ത്രി കെ.കെ. ശൈലജ പറഞ്ഞു.

ഈ കോളേജുകൾ സർക്കാരിന്റെ അലോട്ട്മെന്റിൽ പങ്കെടുത്തതുമില്ല. ഇവിടത്തെ പ്രവേശനം മേൽനോട്ട സമിതി റദ്ദാക്കിയെങ്കിലും ഹൈക്കോടതി ഉയർന്ന ഫീസിന് അനുവാദം നൽകിയിരുന്നു. എന്നാൽ, സുപ്രീംകോടതിയും പ്രവേശനം റദ്ദാക്കിയതോടെ വിദ്യാർത്ഥികളാണ് ബുദ്ധിമുട്ടിലായത്. ഇവരുടെ താല്പര്യം പരിഗണിക്കാനാണ് സർക്കാർ നിയമം കൊണ്ടുവരുന്നതെന്ന് മന്ത്രി പറഞ്ഞു.

പദ്ധതി അനുമതി 40 ദിവസത്തിനകം

തിരുവനന്തപുരം: എം.എൽ.എമാരുടെ ആസ്തിവികസന ഫണ്ടു വഴി നടപ്പാക്കുന്ന പദ്ധതികൾക്ക് 40 ദിവസത്തിനകം ഭരണ-സാങ്കേതിക അനുമതി ലഭ്യമാക്കുമെന്ന് ധനമന്ത്രി തോമസ് ഐസക് അറിയിച്ചു. ആസ്തി വികസന ഫണ്ടിലെ കാലതാമസം ഒഴിവാക്കാൻ ജില്ലാ കളക്ടർമാർക്കു നിർദ്ദേശം നൽകിയിട്ടുണ്ട്. ഇവയുടെ നടപടിക്രമങ്ങൾ പൂർണമായും ജില്ലാ തലത്തിലാക്കും. 30 ദിവസത്തിനകം ഭരണാനുമതി നൽകണമെന്നു ജില്ലാ കളക്ടർമാർക്കു നിർദ്ദേശം നൽകും. ഭരണാനുമതി ലഭ്യമായി കഴിഞ്ഞാൽ പത്തു ദിവസത്തിനകം സാങ്കേതിക അനുമതിയും നൽകണം.

പെൻഷൻകാരുടെ കുടിശിക ക്ഷാമബത്ത നൽകണം

തിരുവനന്തപുരം: സർവീസ് പെൻഷൻകാരുടെ രണ്ട് ഗഡു കുടിശിക ക്ഷാമബത്ത അടിയന്തരമായി അനുവദിക്കണമെന്ന് സർവീസ് പെൻഷണേഴ്സ് അസോസിയേഷൻ സംസ്ഥാന പ്രസിഡന്റ് അയത്തിൽ തങ്കപ്പനും ജനറൽ സെക്രട്ടറി ഡി. അരവിന്ദാക്ഷനും ആവശ്യപ്പെട്ടു. 2017 ജൂലായ് മുതലുള്ള കുടിശികയാണ്. കേന്ദ്ര പെൻഷൻകാർക്ക് ഒരു ഗഡു ക്ഷാമബത്ത കൂടി അനുവദിച്ചു കഴിഞ്ഞു. എന്നിട്ടും സംസ്ഥാന പെൻഷൻകാർക്ക് അർഹതപ്പെട്ട ക്ഷാമബത്ത യഥാസമയം അനുവദിക്കാത്തത് നീതിനിഷേധത്തിന് തുല്യമാണ്.

അക്ഷരങ്ങളാണ് മായയുടെ കരുത്ത്

സുരേഷ് അങ്കമാലി

മായാ ബാലകൃഷ്ണൻ

KAUMUDI SPECIAL

അങ്കമാലി: 'എഴുത്ത് എനിക്ക് സ്വാതന്ത്ര്യത്തിന്റെ ആഘോഷമാണ്. ഓർമയുടെ ഇലച്ചീന്തിൽ, പട്ടുവിരിച്ച് ഊഞ്ഞാലുകെട്ടി, ഒരു പൂമ്പാറ്റയായി ഞാൻ എന്റെ തൊടിയിലും മുറ്റത്തും ഇറങ്ങിച്ചെന്ന് സ്വയം മറന്ന് ആസ്വദിച്ച് എഴുതിയതാണ് ഈ കവിതകൾ'....

30 വർഷമായി ശയ്യാവലംബിയായ കഴിയുന്ന കവയിത്രി മായാ ബാലകൃഷ്ണന്റെ രണ്ടാമത്തെ കവിതാസമാഹാരമായ 'നിഷ്കാസിതരുടെ ആരൂഢ'ത്തിലെ വരികളാണിവ. നായത്തോട് മഹാകവി ജി. ശങ്കരക്കുറുപ്പിന്റെ ജന്മഗൃഹത്തിനു സമീപത്ത് കാവുങ്ങൽ അദ്ധ്യാപക ദമ്പതികളായ പരേതനായ കെ.എസ്. ബാലകൃഷ്ണൻ നായരുടെയും പി.കെ. വിജയമ്മയുടെയും മകളായ മായയ്ക്ക് 90 ശതമാനം ചലനശേഷി ഇല്ല. എങ്കിലും അക്ഷരഭൂമിയിൽ തന്റേതായ ഇടം കണ്ടെത്തി ഈ 48കാരി.

ഏറെ നാളായി കരുതിവെച്ച കുറെ കവിതകൾ 'തുടികൊട്ട്' എന്ന പേരിൽ അച്ചടിച്ചു വരും മുമ്പേ നവമാദ്ധ്യമങ്ങളുടെ ലോകത്ത് മായ ശ്രദ്ധേയയായി. തോല്ക്കാനുള്ളതല്ല ജീവിതമെന്നുറപ്പിച്ച മനക്കരുത്തിൽ നിന്നാണ് കവിതകൾ ഓരോന്നും പിറന്നത്. ഒരു വർഷത്തെ ഇടവേളയ്ക്ക ശേഷം അടുത്ത കവിതാസമാഹാരവും എത്തി. പ്രതിരോധവും പ്രത്യാശയും ചേർന്ന കാഴ്ചപ്പാടുകളാണ് രണ്ടാമത്തെ പുസ്തകത്തിൽ.

മനസ് കവിതയെഴുത്തിന്റെ ലഹരിയിലാകുമ്പോൾ ശാരീരിക അസ്വാസ്ഥ്യങ്ങൾ മറക്കും. ടാബ് നെഞ്ചിൽ വച്ച് കൈകൾ കൊണ്ട് പതിയെ ടൈപ്പ് ചെയ്യും. പ്രസിദ്ധീകരിച്ച രണ്ട് കവിതാസമാഹാരത്തിലുമായി 73 കവിതകളുണ്ട്.

പത്താംക്ലാസിൽ പഠിക്കുമ്പോഴാണ് റുമെറ്റോയ്ഡ് ആർത്രൈറ്റിസ് രോഗം മായയെ പിടികൂടുന്നത്. ആദ്യതവണ പരീക്ഷ എഴുതാൻ സാധിച്ചില്ല. പിന്നീട് ചികിത്സയ്ക്കിടെ പരീക്ഷയെഴുതി 78 ശതമാനം മാർക്ക് നേടി.

കാലടി ശ്രീശങ്കര കോളജിലെ പ്രീഡിഗ്രി പഠനം തുടരാനായില്ല. 1988 ആയപ്പോഴേക്കും രോഗത്തിന്റെ കാഠിന്യത്താൽ പൂർണമായും തന്നിലേക്ക് ഒതുങ്ങി.

എഴുത്തിനെ ഗൗരവമായി ചിന്തിച്ചുതുടങ്ങിയിട്ട് അഞ്ചുവർഷമായി. ഫേസ്ബുക്കാണ് പ്രധാന മാദ്ധ്യമം. ഇതിലൂടെ കവിതകൾ ലോകമറിഞ്ഞു. വിദേശത്തും സ്വദേശത്തും ഒട്ടേറെ വായനക്കാരായി. ഫേസ്ബുക്കിൽ ഉൾപ്പെടെയുള്ള കൂട്ടുകാരാണ് കവിതകൾ പുസ്തകമാക്കാൻ മുന്നിട്ടിറങ്ങിയത്.

സോഷ്യൽ മീഡിയയിൽ വിശാലമായ എഴുത്തിടം കണ്ടെത്താനായതും സൗഹൃദങ്ങളെ എത്തിപ്പിടിക്കാൻ കഴിഞ്ഞതുമാണ് തന്റെ വിജയത്തിന് പിന്നിലെന്നു മായ പറയുന്നു.

നിലനിൽക്കുന്നത് രണ്ട് തരം ഇന്ത്യ: കോടിയേരി

കോഴിക്കോട്: പാവപ്പെട്ടവന്റെയും പണക്കാരന്റെയും രണ്ട് തരം ഇന്ത്യയാണ് ഇന്ന് നിലനിൽക്കുന്നതെന്ന് സിപിഎം സംസ്ഥാന സെക്രട്ടറി കോടിയേരി ബാലകൃഷ്ണൻ അഭിപ്രായപ്പെട്ടു. സി.ഐ.ടി.യു ദേശീയ കൗൺസിലിനോടനുബന്ധിച്ച് മുതലക്കുളം മൈതാനിയിൽ സംഘടിപ്പിച്ച 'കേരളം കാട്ടുന്ന ബദൽ' സെമിനാർ ഉദ്ഘാടനം ചെയ്ത് സംസാരിക്കുകയായിരുന്നു അദ്ദേഹം.

73 ശതമാനം സമ്പത്തും കൈവശം വച്ചിരിക്കുന്ന ഒരു ശതമാനം മാത്രം വരുന്ന പണക്കാരനും 99 ശതമാനം വരുന്ന പാവപ്പെട്ടവനും തമ്മിലുള്ള അന്തരമാണ് രാജ്യത്തെ രണ്ടാക്കുന്നത്. പൊതുമേഖല തകരുകയും സ്വകാര്യ മേഖല ശക്തിപ്പെടുകയുമാണ്. ഇതിന് സർക്കാർ പിന്തുണ നൽകുകയാണെന്നും അദ്ദേഹം പറഞ്ഞു.

കോഴിക്കോട്ട് സി.ഐ.ടി.യു അഖിലേന്ത്യാ ജനറൽ കൗൺസിലിനോട് അനുബന്ധിച്ച് നടത്തിയ സെമിനാറിൽ പങ്കെടുക്കാനെത്തിയ കോടിയേരി ബാലകൃഷ്ണൻ, കാനം രാജേന്ദ്രൻ. എളമരം കരീം, ടി.വി.ബാലൻ, മോഹനൻ എന്നിവർ ഫോട്ടോ: രോഹിത്ത് തയ്യിൽ

സാമ്പത്തിക നയങ്ങളിൽ മാത്രം ഒതുങ്ങിയുള്ള ബദലല്ല കേരളം മുന്നോട്ടുവയ്ക്കുന്നത്. ആരോഗ്യ മേഖലയിലും വിദ്യാഭ്യാസ മേഖലയിലും സാമൂഹ്യ സാംസ്കാരിക മേഖലയിലും ഊന്നിയുള്ള ബദലാണ് രാജ്യത്തിന് മുന്നിൽ കേരളം അവതരിപ്പിക്കുന്നത്. ശ്രീനാരായണ ഗുരുവും അയ്യങ്കാളിയും ഉൾപ്പെടെ അഗസ്ഥിത വിഭാഗത്തിൽ നിന്ന് ഉയർന്ന വന്ന നവോത്ഥാന നായകന്മാരും നവോത്ഥാന പ്രസ്ഥാനങ്ങളും വഹിച്ച പങ്കാണ് കേരളത്തെ മാതൃകയാക്കിയത്. വർഗ്ഗീയതയ്ക്കും ഉദാരവൽക്കരണത്തിനും എതിരായ ബദലാണ് കേരളം മുന്നോട്ടുവയ്ക്കുന്നതെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

നിക് ഉട്ടും, റസൂൽപൂക്കുട്ടിയും അമ്പലപ്പുഴ ശ്രീകൃഷ്ണസ്വാമിക്ഷേത്രത്തിൽ

അമ്പലപ്പുഴ പാൽപ്പായസം ക്ലിക്ക്; പുലിറ്റ്സറും ഓസ്കാറും ഹാപ്പി

അമ്പലപ്പുഴ : പാൽപ്പായത്തിന്റെ മധുരം നുണഞ്ഞും ഓട്ടൻതുള്ളലിന്റെ താളത്തിൽ ലയിച്ചും നിക്ക് ഉട്ട് അമ്പലപ്പുഴയുടെ തനിമ തൊട്ടറിഞ്ഞു. കാമറയിൽ പ്രകാശ വിസ്മയം തീർക്കുന്ന ഉട്ടിനൊപ്പം ശബ്ദത്തിന്റെ മാന്ത്രികൻ റസൂൽ പൂക്കുട്ടിയും ഉണ്ടായിരുന്നു. പുലിറ്റ്സർ ജേതാവും ഓസ്കാർ ജേതാവും. ശബ്ദവും വെളിച്ചവും ഒന്നിച്ചെത്തിയത് അമ്പലപ്പുഴയ്ക്കും സന്തോഷം പകർന്നു.

ലോകപ്രശസ്ത ഫോട്ടോഗ്രാഫറായ വിയറ്റ്നാം സ്വദേശി നിക് ഉട്ട് ഇന്നലെ ഉച്ചശീവേലിയുടെ സമയത്താണ് അമ്പലപ്പുഴ ശ്രീകൃഷ്ണസ്വാമി ക്ഷേത്രത്തിൽ എത്തിയത്. തിരുവനന്തപുരത്ത് നടന്ന രാജ്യാന്തര പ്രസ് ഫോട്ടോ ഫെസ്റ്റിവലിൽ പങ്കെടുക്കാനെത്തിയ നിക്ക് ഉട്ട് മടക്കയാത്രയ്ക്ക് മുമ്പ് നടത്തിയ കേരള സന്ദർശനത്തിന്റെ ഭാഗമായാണ് അമ്പലപ്പുഴയിൽ എത്തിയത്.

ഉച്ചശീവേലിയുടെയും ദർശനത്തിനെത്തിയവരുടെയും ചിത്രങ്ങൾ ഉട്ട് പകർത്തി. ക്ഷേത്രത്തെക്കുറിച്ച് റസൂൽ പൂക്കുട്ടി വിവരിച്ചു. തുടർന്ന് ഉട്ടിനായി അമ്പലപ്പുഴ സുരേഷ് വർമ്മ ഓട്ടൻതുള്ളലിന്റെ ചില ഭാഗങ്ങൾ അവതരിപ്പിച്ചു. തുള്ളലിന്റെ കളിത്തട്ടിൽ വർമ്മയുടെ ഓട്ടൻതുള്ളൽ എത്ര പകർത്തിയിട്ടും ഉട്ടിന് മതിയായില്ല. കുഞ്ചൻ നമ്പ്യാരുടെ മിഴാവിന്റെ ചരിത്രം കേട്ട് വിസ്മയിച്ച ഉട്ട് അതിന്റെ ചിത്രങ്ങളും പകർത്തി.

അമ്പലപ്പുഴ പാൽപ്പായസവും കുടിച്ച ശേഷമാണ് നിക് ഉട്ടും റസൂൽ പൂക്കുട്ടിയും മടങ്ങിയത്. ഒട്ടേറെ പേർ ഇവർക്കൊപ്പം സെൽഫിയുമെടുത്തു.

എസ്.എഫ്.ഐക്കാരനെ കുത്തിയത് രാഷ്ട്രീയവിരോധത്താൽ

തിരുവനന്തപുരം: തളിപ്പറമ്പ് തൃച്ചംബരം ശ്രീകൃഷ്ണ ക്ഷേത്രത്തിലെ ഉത്സവത്തിനിടെ, കാഞ്ഞിരങ്ങാട് കോളേജിലെ ബിരുദ വിദ്യാർത്ഥിയും എസ്.എഫ്.ഐ യൂണിറ്റ് സെക്രട്ടറിയുമായ കിരണിനെ കത്തി കൊണ്ട് വയറ്റിൽ കുത്തി കൊലപ്പെടുത്താൻ ശമിച്ചതിനു പിന്നിൽ രാഷ്ട്രീയവിരോധമാണെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ നിയമസഭയിൽ പറഞ്ഞു.

യാതൊരു പ്രകോപനവുമില്ലാതെയായിരുന്നു അക്രമം. കിരണിന്റെ മൂന്ന് സുഹൃത്തുക്കളെ മരവടി കൊണ്ട് അടിച്ച് പരിക്കേൽപ്പിക്കുകയും ചെയ്തു.

ബി.ജെ.പി, ആർ.എസ്.എസ് പ്രവർത്തകരെ പ്രതികളാക്കി തളിപ്പറമ്പ് പൊലീസ് കേസെടുത്തിട്ടുണ്ട്. 7 പ്രതികളെ അറസ്റ്റ് ചെയ്തു.

ഏഴ പേരെക്കൂടി കിട്ടാനുണ്ട്. തളിപ്പറമ്പ് കീഴാറ്റൂരിൽ എൻ.എച്ച് ബൈപ്പാസ് റോഡ് നിർമ്മിക്കുന്നതിൽ എതിർപ്പ് നിലനിൽക്കുന്നുണ്ട്.

പ്രദേശത്ത് സ്ഥാപിച്ച ബോർഡുകളും ബാനറുകളും നശിപ്പിച്ച സംഭവത്തിൽ ഉൾപ്പെട്ട രണ്ടുപേർ കിരണിനെ ആക്രമിച്ച കേസിലെയും പ്രതികളാണ്.

നിയമസഭയിൽ മുഖ്യമന്ത്രി

പെൻഷൻ പ്രായം ഉയർത്തില്ല

തിരുവനന്തപുരം: സർക്കാർ ജീവനക്കാരുടെ പെൻഷൻ പ്രായം ഉയർത്തൽ സർക്കാരിന്റെ പരിഗണനയിലില്ലെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ നിയമസഭയിൽ പറഞ്ഞു.

എന്നാൽ, കെ.എസ്.ആർ.ടി.സി ജീവനക്കാരുടെ പെൻഷൻ പ്രായം ഉയർത്താനുള്ള ശുപാർശ പരിഗണനയിലുണ്ട്. ഇക്കാര്യത്തിൽ എന്തുവേണമെന്ന് ചർച്ച ചെയ്തു തീരുമാനിക്കുമെന്നും മുഖ്യമന്ത്രി പറഞ്ഞു.

പെൻഷൻ പ്രായം ഉയർത്തുന്നതിലൂടെ ആയിരക്കണക്കിനു യുവജനങ്ങളുടെ തൊഴിൽ അവസരമാണ് സർക്കാർ നഷ്ടമാക്കുന്നതെന്ന് ആരോപിച്ച് പ്രതിപക്ഷം നിയമസഭയിൽ നിന്ന് ഇറങ്ങിപ്പോയി.

കെ.എസ്.ആർ.ടി.സി ജീവനക്കാരുടെ പെൻഷൻ പ്രായം ഉയർത്തുന്നതു മറയാക്കി സംസ്ഥാന സർക്കാർ ജീവനക്കാരുടെ പെൻഷൻ പ്രായവും 60 ആക്കി ഉയർത്താനുള്ള നീക്കമാണ സർക്കാർ നടത്തുന്നതെന്ന അടിയന്തര പ്രമേയത്തിന് അവതരണാനുമതി തേടിയ വി.ടി.ബൽറാം ആരോപിച്ചു.

കെ.എസ്.ആർ.ടി.സിയിലെ പെൻഷൻ പ്രായം 58 ആയി ഉയർത്തിയാൽ മതിയെന്നാണ് സി.എം.ഡി സർക്കാരിനു നൽകിയ ശുപാർശ. എന്നാൽ, മുഖ്യമന്ത്രി പറയുന്നതു 60 ആക്കണമെന്നാണ്- ബൽറാം ആരോപിച്ചു.

50,000 കോടിയുടെ മാന്ദ്യവിരുദ്ധ പാക്കേജ് ഇക്കൊല്ലം തുടങ്ങും

തിരുവനന്തപുരം: മാന്ദ്യവിരുദ്ധ പാക്കേജിന്റെ ഭാഗമായി 50,000 കോടി രൂപയുടെ നിർമാണ പ്രവൃത്തികൾ ഇക്കൊല്ലം തുടങ്ങുമെന്ന് ധനമന്ത്രി തോമസ് ഐസക് നിയമസഭയെ അറിയിച്ചു. ഇതിൽ 20,000 കോടി രൂപയുടെ നിർമാണ പ്രവൃത്തികൾക്ക് അനുമതി നൽകിക്കഴിഞ്ഞു. ഇവ ടെൻഡർ നടപടികളിലേക്കു കടക്കുകയാണ്.

ആറു മാസത്തിനകം ചരക്കു സേവന നികുതി പിരിവു പൂർണതോതിലാകുമെന്നാണു പ്രതീക്ഷ. ഇതോടെ സംസ്ഥാനം നേരിട്ട സാമ്പത്തിക മുരടിപ്പിനു പരിഹാരമാകും.

നോട്ട് നിരോധനത്തെ തുടർന്ന് ഉദ്പാദന തകർച്ച നേരിടുന്നതിനിടയിൽ ചരക്കു സേവന നികുതി കൂടി ഏർപ്പെടുത്തിയതോടെയാണ് സാമ്പത്തിക മേഖല വൻ തിരിച്ചടി നേരിട്ടത്. ചെറുകിട മേഖലയെയാണ് ഇതു ഗുരുതരമായി ബാധിച്ചത്.

ഇതോടൊപ്പം ഗൾഫ് നാടുകളിൽ നിന്ന് വരുമാനം നിലച്ചതും തിരിച്ചടിയായി.

ഏപ്രിൽ മാസത്തോടെ കരാറുകാരുടെ മുഴുവൻ പണവും നൽകുമെന്നും എ.പി. അനിൽകുമാറിന്റെ ശ്രദ്ധക്ഷണിക്കലിനു മറുപടിയായി മന്ത്രി അറിയിച്ചു.

പൂജാരി കനിയാത്തത് ദൗർഭാഗ്യകരം: സ്പീക്കർ

തിരുവനന്തപുരം: നിയമസഭ പാസാക്കിയ നിയമങ്ങൾക്ക് യഥാസമയം ചട്ടങ്ങൾ പുറപ്പെടുവിക്കുന്നതിൽ വരുന്ന വീഴ്ചകൾക്കെതിരെ രൂക്ഷവിമർശനവുമായി സ്പീക്കർ പി. ശ്രീരാമകൃഷ്ണന്റെ റൂളിംഗ്. ദൈവം കനിഞ്ഞാലും പൂജാരി കനിയുന്നില്ല എന്ന അവസ്ഥ ദൗർഭാഗ്യകരമാണെന്ന് വി.ഡി. സതീശൻ ഉന്നയിച്ച ക്രമപ്രശ്നത്തിനുള്ള റൂളിംഗിൽ സ്പീക്കർ പറഞ്ഞു. ചട്ടങ്ങൾ യഥാസമയം പുറപ്പെടുവിക്കുന്നുണ്ടോയെന്ന് പരിശോധിക്കാൻ എല്ലാ വകുപ്പുകളിലും പ്രത്യേക നിരീക്ഷണസംവിധാനം ഏർപ്പെടുത്തണം. അതിന്റെ അടിസ്ഥാനത്തിൽ വീഴ്ചകൾക്ക് ഉത്തരവാദികളാകുന്നവർക്കെതിരെ കർശന അച്ചടക്കനടപടി സ്വീകരിക്കണം. മന്ത്രിമാർ അവരവരുടെ വകുപ്പിന് കീഴിലെ നിയമങ്ങൾക്കനുസൃതമായ ചട്ടങ്ങൾ യഥാസമയം പുറപ്പെടുവിക്കാത്തത് പ്രത്യേകം പരിശോധിക്കണമെന്നും സ്പീക്കർ റൂളിംഗിൽ വ്യക്തമാക്കി.

2013ലെ തുഞ്ചത്ത് എഴുത്തച്ഛൻ മലയാള സർവകലാശാല ആക്ട്, 2016ലെ കേന്ദ്ര റിയൽ എസ്റ്റേറ്റ് (നിയന്ത്രണവും വികസനവും) ആക്ട് എന്നിവ പ്രകാരം സർക്കാർ പുറപ്പെടുവിക്കേണ്ട ചട്ടങ്ങൾ ഇതുവരെയും പുറപ്പെടുവിക്കാത്തതിന്റെ പ്രശ്നങ്ങളാണ് വി.ഡി. സതീശൻ ചൂണ്ടിക്കാട്ടിയത്. ഇതേ രീതിയിലുള്ള ക്രമപ്രശ്നങ്ങൾ മുമ്പും പലതവണ സഭയിൽ ഉയർന്നതാണ്.

നിയമസഭയോ പാർലമെന്റോ പാസാക്കുന്ന നിയമങ്ങൾ, അവ ഏതുതന്നെയായാലും, അതിനനുസൃതമായി നിർമിക്കേണ്ട ചട്ടങ്ങൾ യഥാസമയം പുറപ്പെടുവിക്കുന്നതിൽ അക്ഷന്തവ്യമായ കാലതാമസമുണ്ടാകുന്ന എന്നത് ഖേദകരമാണെന്ന് സ്പീക്കർ ചൂണ്ടിക്കാട്ടി.

മദ്രാസ് ഹിന്ദു ധർമ്മ എൻഡോവ്മെന്റ് ബിൽ

തിരുവനന്തപുരം: നിയമ മന്ത്രി എ.കെ.ബാലൻ അവതരിപ്പിച്ച 2018ലെ മദ്രാസ് ഹിന്ദു ധർമ്മ എൻഡോവ്മെന്റ് ബിൽ നിയമസഭ സബ്ജക്റ്റ് കമ്മിറ്റിക്ക് വിട്ടു.

മലബാർ ദേവസ്വം ബോർഡ് വന്നതോടെ പഴയ ഹിന്ദുമതധർമ്മ എൻഡോവ്മെന്റ് വകുപ്പിലെ ജീവനക്കാർക്ക് സ്ഥാനക്കയറ്റ സാദ്ധ്യത ഇല്ലാതാകുന്നത് ഒഴിവാക്കുന്നതിനാണ് പുതിയ ബിൽ കൊണ്ടുവന്നത്.

സർക്കാർ ജോയിന്റ് സെക്രട്ടറി പദവിയിൽ കുറയാത്ത ഉദ്യോഗസ്ഥനെ മലബാർ ദേവസ്വം ബോർഡ് കമ്മിഷണറായും ബോർഡ് സെക്രട്ടറിയായും നിയമിക്കാമെന്നാണ് നിലവിലുള്ള നിയമം.

ദേവസ്വം മന്ത്രി കടകംപള്ളി സുരേന്ദ്രന്റെ അഭാവത്തിലാണ് നിയമ മന്ത്രി ബിൽ അവതരിപ്പിച്ചത്.

നെല്ലിന്റെ സംഭരണവില വർദ്ധിപ്പിക്കാൻ ആവശ്യപ്പെട്ടു

തിരുവനന്തപുരം: നെല്ല് സംഭരണവിലയിൽ കേന്ദ്രവിഹിതം വർദ്ധിപ്പിക്കണമെന്ന് ആവശ്യപ്പെട്ടതായി മന്ത്രി വി.എസ്. സുനിൽകുമാർ അറിയിച്ചു. നിലവിൽ കിലോഗ്രാമിന് 15.50 രൂപയാണ് കേന്ദ്രം നൽകുന്നത്. ഇത് 17.57 രൂപയായും അതിന്റെ 50 ശതമാനം വർദ്ധനയും ചേർത്ത് 26.37 രൂപയാക്കണമെന്നാണ് ആവശ്യപ്പെട്ടിരിക്കുന്നത്. നിലവിൽ നെല്ല് സംഭരണവുമായി ബന്ധപ്പെട്ട് 50 മില്ലുകളുമായി സിവിൽ സപ്ലൈസ് വകുപ്പ് കരാർ ഒപ്പിട്ടിട്ടുണ്ട്.

കുടുംബശ്രീ കലോത്സവം

സംസ്ഥാന സ്കൂൾ കലോത്സവ മാതൃകയിൽ സംസ്ഥാന, ജില്ലാതലങ്ങളിൽ കുടുംബശ്രീ കലോത്സവം സംഘടിപ്പിക്കുമെന്ന് മന്ത്രി കെ.ടി. ജലീൽ അറിയിച്ചു. മേയ് ആദ്യവാരം മലപ്പുറത്ത് എടപ്പാളിൽ സംസ്ഥാന കലോത്സവം നടക്കും.

ഈ സർക്കാർ പുതുതായി 19523 കുടുംബശ്രീ അയൽക്കൂട്ടങ്ങൾ രൂപീകരിച്ചു. സംസ്ഥാനത്ത് 2.77 ലക്ഷം അയൽക്കൂട്ടങ്ങളുണ്ട്. അതിൽ 65,000 അയൽക്കൂട്ടങ്ങൾക്ക് ലിങ്കേജ് വായ്പ ലഭ്യമാകുന്നില്ല.

ഒരു കുടുംബത്തിൽനിന്ന് ഒരാൾക്കാണ് നിലവിൽ കുടുംബശ്രീയിൽ അംഗത്വമുള്ളത്. ഒരാൾക്കു കൂടി അംഗത്വം നൽകാൻ തീരുമാനിച്ചിട്ടുണ്ട്.

ശബരിമല വിമാനത്താവളത്തിന് കേന്ദ്രാനുമതി നേടിയെടുക്കും

തിരുവനന്തപുരം: നിർദ്ദിഷ്ട ശബരിമല വിമാനത്താവളത്തിന് കേന്ദ്രസർക്കാരിന്റെ വിവിധ ഏജൻസികളിൽ നിന്നുള്ള അംഗീകാരവും ക്ലിയറൻസും വേഗത്തിൽ നേടിയെടുക്കുമെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ നിയമസഭയെ അറിയിച്ചു.

ചെറുവള്ളി എസ്റ്റേറ്റിലാണ് വിമാനത്താവളത്തിന് സ്ഥലം കണ്ടെത്തിയത്. സാങ്കേതിക, പാരിസ്ഥിതിക പഠനത്തിനായി ലൂയിസ് ബർഗർ കൺസൾട്ടിംഗ് കമ്പനിയെ ചുമതലപ്പെടുത്തിയിട്ടുണ്ട്. റിപ്പോർട്ട് ലഭിച്ച ശേഷം തുടർ നടപടികൾ സ്വീകരിക്കുമെന്നും പി.സി. ജോർജിന്റെ സബ്മിഷന് മുഖ്യമന്ത്രി മറുപടി നൽകി.

ജില്ലാ ആശുപത്രികളിൽ ഹൃദയ ശസ്ത്രക്രിയാ സൗകര്യം

തിരുവനന്തപുരം: സംസ്ഥാനത്തെ എല്ലാ ജില്ലാ ആശുപത്രികളിലും രണ്ടു വർഷത്തിനുള്ളിൽ ഹൃദയ ശസ്ത്രക്രിയാ സൗകര്യം ഏർപ്പെടുത്തുമെന്ന് മന്ത്രി കെ.കെ.ശൈലജ അറിയിച്ചു. ആരോഗ്യ-സാമൂഹിക നീതി വകുപ്പിനായുള്ള ധനാഭ്യർത്ഥനാ ചർച്ചയ്ക്ക് മറുപടി പറയുകയായിരുന്നു മന്ത്രി. ഇതിനായി ഡോക്ടർമാരെ നിയമിക്കൽ, ലാബുകൾ, ഉപകരണങ്ങൾ എന്നിവയ്ക്ക് സംവിധാനമൊരുക്കും. ആരോഗ്യ മേഖലയിൽ 4271 പുതിയ തസ്തിക സൃഷ്ടിച്ചു. എല്ലാ മെഡിക്കൽ കോളേജുകളെയും മികവിന്റെ കേന്ദ്രമാക്കും. തിരുവനന്തപുരം, കോഴിക്കോട് മെഡിക്കൽ കോളേജുകളിൽ മാസ്റ്റർ പ്ലാൻ തയ്യാറാക്കിവരികയാണ്.

ലീഗിന്റെ വ്യഥയും പ്രതിഭാഹരിയുടെ പാട്ടും

നിയമസഭയിൽ

സി.പി. ശ്രീഹർഷൻ

നാല്പത്തിനാല് കൊലപാതക ക്കേസുകളിൽ മുസ്ലിംലീഗിനെ മന്ത്രി കെ.ടി. ജലീൽ കുരുക്കിയിട്ടതിന്റെ 'ആഫ്ടർ ഇഫക്ട്' സഭയിൽ അവസാനിക്കുന്നില്ല. 44 കേസുകളുടെ പൊലീസ് റിപ്പോർട്ടും കോടതിവിധിപ്പകർപ്പുകളും സഹിതം സഭയുടെ മേശപ്പുറത്ത് വയ്ക്കണമെന്ന പുതിയ ആവശ്യവുമായെത്തിയത് വി.കെ. ഇബ്രാഹിം കുഞ്ഞാണ്. ഇല്ലെങ്കിൽ പൂർവകാല പ്രാബല്യത്തോടെ ജലീൽ പറഞ്ഞതെല്ലാം രേഖയിൽ നിന്ന് നീക്കണം. ധനനഷ്ടം, മാനഹാനി എന്നിത്യാദി ദോഷങ്ങൾ ഗ്രസിച്ച അവസ്ഥയിലാണ് ലീഗ്. സത്യവിരുദ്ധമായ പരാമർശങ്ങളുണ്ടായിട്ടുണ്ടെങ്കിൽ പരിശോധിച്ച് ആവശ്യമായ നടപടി സ്വീകരിക്കാമെന്ന സ്പീക്കർ പി. ശ്രീരാമകൃഷ്ണന്റെ താത്കാലിക സമാശ്വാസ പദ്ധതിയിൽ അതിനാൽ അവർ പ്രതീക്ഷയർപ്പിച്ചിരിക്കുന്നുവെന്ന് മാത്രം. സമാശ്വാസം നടപ്പായില്ലെങ്കിൽ കെ.ടി. ജലീലിനെ തന്നെ നീക്കം ചെയ്യാനുള്ള ആവശ്യമുയരാനും മതി.

അതിന്റെ ചില സൂചനകൾ ആരോഗ്യ, കുടുംബക്ഷേമ, സാമൂഹ്യക്ഷേമ വകുപ്പുകളുടെ ധനാഭ്യർത്ഥന ചർച്ചകളിലുണ്ടായി. വായയ്ക്ക് തോന്നിയത് ജലീലിന് പാട്ട് എന്ന് പുച്ഛിച്ചു തള്ളിയത് എം. ഉമ്മർ ആണ്. സി.പി.എമ്മിനെ പ്രതിസ്ഥാനത്താക്കി വേറൊരു നീണ്ട കൊലക്കേസ് പട്ടിക ഉമ്മർ വായിച്ചപ്പോൾ, അവയുടെ എഫ്.ഐ.ആർ മേശപ്പുറത്ത് വയ്ക്കാനഭ്യർത്ഥിച്ചത് ജലീലിനൊപ്പം സി.പി.എം സ്വതന്ത്രനായെത്തിയ പി.ടി.എ. റഹീമാണ്.

കഴിഞ്ഞ ദിവസത്തെ 'തലശേരി കലാപ രക്തസാക്ഷി ഹത്യ'യിൽ മനംനൊന്ത് മുരുകൻ കാട്ടാക്കടയുടെ 'രക്തസാക്ഷി' കവിത പുറത്തേക്ക് തികട്ടിവന്നത് ഉള്ളിലെ പ്രതിഭയെ ഒളിച്ചുവയ്ക്കാൻ പാടുപെടുന്ന പ്രതിഭാഹരിക്കായിരുന്നു. 'അവനവന് വേണ്ടിയല്ലാതെ, അപരന്ന് ചുടുരക്തമൂറ്റി കുലം വിറ്റുപോയവൻ രക്തസാക്ഷി' എന്ന് തുടങ്ങുന്ന കവിത രക്തസാക്ഷിയെ അപമാനിച്ചവരുടെ പ്രായശ്ചിത്തമായി കരുതിക്കോളൂ എന്നാണ് പ്രതിഭ പാടിപ്പറഞ്ഞത്. പ്രതിഭയുടെ പാട്ടിന്റെ ഈണത്തിൽ ഉന്മത്തനായത് ഖദറിനുള്ളിൽ കലാഹൃദയം ഒളിപ്പിച്ച് നടക്കുന്ന എൽദോസ് കുന്നപ്പിള്ളി. മുരുകൻ കാട്ടാക്കടയുടെ 'കണ്ണട' കവിത അതിനാൽ കുന്നപ്പിള്ളി മന്ത്രി ശൈലജയ്ക്കായി പാടി സമർപ്പിച്ച് സായൂജ്യമടഞ്ഞു.

'ഇഫ് യു ആർ നോട്ട് വെൽ ഓൺ ദ ഫാക്ട്സ്, ഗോ ടു ദ വെൽ ഒഫ് ദ ഹൗസ് ആൻഡ് ക്രിയേറ്റ് ഹെഡ്ലൈൻസ്' എന്ന് പ്രതിപക്ഷ സമീപനത്തെ വിലയിരുത്തിയത് വീണാ ജോർജ് ആണ്. ബി.ജെ.പിയെ ഇന്ത്യയിൽ നിന്ന് തൂത്തെറിയാനുള്ള കൊട്ടുകാറ്റ് മഹാരാഷ്ട്രയിൽ രൂപപ്പെട്ട് കഴിഞ്ഞെന്നാണ് വീണയുടെ പ്രവചനം.

കേരള ആരോഗ്യമോഡലിനെ ലെനിന്റെ പ്രതിമ തകർക്കുന്നത് പോലെ തകർക്കുന്ന ആരോഗ്യനയമാണ് ഇടതുസർക്കാരിന്റേതെന്ന് കെ.എസ്. ശബരീനാഥൻ. നിതി ആയോഗിന്റെ സൂചികയിൽ കേരളത്തിന് 5 പോയിന്റ് കുറഞ്ഞെന്നാണ് ശബരീനാഥന്റെ വാദം. അത് 2014-15 ലെ കണക്കാണെന്ന് മന്ത്രി ശൈലജ മറുപടി നൽകി. കേരളത്തിന്റെ ആരോഗ്യമേഖല പടർന്നു പന്തലിക്കുന്നതായി ജി.എസ്. ജയലാൽ. ഗോരഖ്പൂരിലെ മെഡിക്കൽ കോളേജിൽ പോലും കാണാത്ത സൗകര്യങ്ങൾ തലശേരി ആശുപത്രിയിൽ കണ്ട് ഞെട്ടിയ യോഗി ആദിത്യനാഥ് പിന്നീടിങ്ങോട്ട് വന്നിട്ടില്ലെന്ന് കെ. രാജൻ. എല്ലാവരും ബി.ജെ.പിയിലേക്ക് പോയതിനാൽ കോൺഗ്രസ് ഓഫീസുകളിലിപ്പോൾ നോ സ്റ്റോക്ക് ബോർഡ് വച്ചിരിക്കുകയാണെന്ന് യു.ആർ. പ്രദീപ് പറഞ്ഞു. 14 മിനിട്ട് പ്രസംഗത്തിനിടെ എത്രപേർക്ക് വഴങ്ങിയെന്ന് പുരുഷൻ കടലുണ്ടിക്ക് തന്നെ നിശ്ചയമില്ല. ഇനിയും ആർക്കെങ്കിലും വഴങ്ങേണ്ടതുണ്ടോയെന്ന ചിന്തയാലദ്ദേഹം പ്രസംഗം ഒരുവിധം പൂർത്തീകരിച്ചു. ആത്മഹത്യയ്ക്കും കൊലപാതകത്തിനുമിടയിലുള്ള ആർത്തനാദം പോലെ എന്നാണ് ചുള്ളിക്കാടിനെ ഉദ്ധരിച്ച് വി.എസ്. ശിവകുമാർ കേരളത്തെ താരതമ്യം ചെയ്തത്. ആരോഗ്യവകുപ്പിന്റെ പദ്ധതികളെല്ലാം തന്റെ കുഞ്ഞാണല്ലോയെന്നദ്ദേഹം വിലപിച്ചു.

പെൻഷൻപ്രായം കൂട്ടാൻ നീക്കമാരോപിച്ചാണ് വി.ടി. ബൽറാമിന്റെ അടിയന്തരപ്രമേയം. പ്രതിപക്ഷത്തിരിക്കുമ്പോൾ എതിർക്കുന്നത് അധികാരത്തിലെത്തിയാൽ നടപ്പാക്കുകയെന്ന ജനിതകവൈകല്യം ഇടതുമുന്നണിയെ ബാധിച്ചതായി പ്രതിപക്ഷ നേതാവ്. പങ്കാളിത്ത പെൻഷൻകാർക്ക് പെൻഷൻപ്രായം 60 ആക്കിയതും ജനിതകപ്രശ്നമാണോയെന്ന് മന്ത്രി എ.കെ. ശശീന്ദ്രൻ തിരിച്ചുചോദിക്കാതിരുന്നില്ല. മെഡിക്കൽ കോളേജുകളിലെ പ്രവേശനം ക്രമവത്കരിക്കൽ, മദ്രാസ് ഹിന്ദുമത ധർമ എൻഡോവ്മെന്റ് ഭേദഗതി ബില്ലുകൾ ചർച്ചചെയ്ത് സബ്ജക്ട് കമ്മിറ്റിക്ക് വിട്ടശേഷമാണ് സഭ ഇന്നലെ പിരിഞ്ഞത്.